**(5)** ഫോറസ്റ്റ് സ്റ്റേഷന്റെ പേര് : അതിരപ്പിള്ളി

ആസ്ഥാനം : അതിരപ്പിള്ളി

<u>വടക്ക്</u>: ചാലക്കുടി പുഴിയിൽ വെറ്റിലപ്പാറ കടത്തു മുതൽ മുകളിലേക്ക് പഴയ തിരുവിതാംകൂർ സംസ്ഥാന അതിർത്തി വരെയെത്തി അവിടെനിന്നും ഊളശ്ശേരിമുടി (2040) പാറ മാർക്കിൽ എത്തുന്നു.

<u>കിഴക്ക്</u>: ഊളശ്ശേരിമുടി(2040) യിലെ പാറ മാർക്കിൽനിന്നും ഉദ്ദേശം രണ്ടു കിലോമീറ്റർ തെക്കോട്ടു നേർരേഖയിൽ സഞ്ചരിച്ച് (1) കിഴക്കു വാച്ചുമരത്തു നിന്നും (2) പടിഞ്ഞാറു അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനു സമീപത്തുനിന്നും (3) തെക്ക് വിലങ്ങുപാറ നിന്നും വരുന്ന മൂന്നു റോഡുകൾ സന്ധിക്കുന്ന ട്രൈ ജംഗ്ഷനിൽ എത്തി അവിടെനിന്നും തെക്കോട്ട് വിലങ്ങുപാറ റോഡിലൂടെ വിലങ്ങുപാറയിൽ എത്തുന്നു.

<u>തെക്ക്</u>: വിലങ്ങുപാറ നിന്നും പടിഞ്ഞാട്ട് (വാഴച്ചാൽ ഡിവിഷന്റെ തെക്കേ അതിർത്തിയിലൂടെ) പാറ നിരകളിലൂടെ ആനക്കാമ്പാറയിൽ എത്തി അവിടെനിന്നും കൊച്ചുമേട്പാറ 15-ാം ബ്ലോക്ക് റോഡുവഴി പോസ്റ്റ് ഓഫീസ് ജംഗ്ഷനിൽ എത്തുന്നു.

<u>പടിഞ്ഞാറ്</u>: പോസ്റ്റ് ഓഫീസ് ജംഗ്ഷനിൽനിന്നും പ്ലാന്റേഷൻ കോർപ്പറേഷൻ റോഡ് വഴി ചാലക്കുടി പുഴയിൽ വെറ്റിലപ്പാറ കടത്തുവരെ (ഏഴാറ്റുമുഖം സ്റ്റേഷന്റെ കിഴക്കേ അതിർത്തി)